# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6047 — 19.11.2019 -ൽ മറുപടിയ്ക്ക്

കാരാപ്പുഴ ടൂറിസം ഹബ്ബിന്റെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ : | | മറുപടി<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| എ) | കാരാപ്പുഴയെ വയനാടിന്റെ ടൂറിസം ഹബ്ബായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | എ) | കാരാപ്പുഴ ടൂറിസം വികസനത്തിൻറെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 4.92 കോടി രൂപയുടെ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>1. ടൂറിസ്റ്റ് അറൈവൽ കം ഫസിലിറ്റേഷൻ സെൻറർ<br>2. ഓപ്പൺ എയർ തീയേറ്റർ<br>3. സുവനീർ ആൻഡ് സ്പൈസസ് സ്റ്റാൾസ്<br>4. നടപ്പാത<br>5. ലാൻഡ്സ്കേപ്പിംഗ്<br><br>രണ്ടാം ഘട്ടത്തിൽ 2.29 കോടി രൂപയുടെ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>1. റോസ് ഗാർഡൻ<br>2. ശുചിമുറികൾ<br>3. ജലധാര<br>4. പവലിയനുകൾ<br>5. ബയോഗ്യാസ് പ്ലാൻറ്<br>6. പ്രവേശന കവാടത്തിന്റെ സൗന്ദര്യ വൽക്കരണം<br>7. കുട്ടികളുടെ കളിയുപകരണങ്ങൾ<br>8. നടപ്പാത<br>9. ലാൻഡ്സ്കേപ്പിംഗ്<br>10. സൗരോർജ്ജ വിളക്കുകൾ -10 എണ്ണം<br>മൂന്നാം ഘട്ടത്തിൽ 4 കോടി രൂപയുടെ താഴെ പറയുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br>1. നിരീക്ഷണ ഗോപുരം - 2 എണ്ണം<br>2. താമരക്കുളം<br>3. റഫ് റൈഡിംഗ് പാതകൾ<br>4. ബാംബൂ പവലിയൻ |

| | | | |
|---|---|---|---|
| | | | 5. വിശ്രമ സ്ഥലം<br>6. പാർക്കിംഗ് ഏരിയ<br>7. ലാൻഡ്സ്കേപ്പിംഗ്<br>8. ഫിഷിംഗ് ഡെക്ക്<br>നാലാം ഘട്ടത്തിൽ പരിഗണിക്കാവുന്ന പ്രവൃത്തികൾ - ബാംബൂ പാർക്ക്, റോപ്പ് വേ, സോളാർ ബോട്ടിങ്ങ്, വിശാലമായ ജലധാര സമുച്ചയം, ലൈറ്റ്& സൗണ്ട് ഷോ, സൈക്ലിംഗ് ട്രാക്ക്, വിവിധ കളികൾക്കായുള്ള സിന്തറ്റിക് ടർഫ് നിർമ്മാണം, ഏരിയ ലൈറ്റിംഗ്, പാർക്കിംഗ് ഏരിയ, ദേശീയ പാത 766 നു സമീപത്തായി പ്രവേശന കവാടം, ജലസംഭരണി/വാട്ടർ ബേസ്ഡ് ടൂറിസം, ആക്സസ് റോഡുകളെ മാതൃക റോഡുകളാക്കി മാറ്റൽ എന്നിവയാണ് |
| ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; ഇനി ആരംഭിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാം; ടൂറിസം ഹബ്ബിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | ബി) | കാരാപ്പുഴ ടൂറിസം വികസനത്തിൻറെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി ടൂറിസ്റ്റ് അറൈവൽ കം ഫസിലിറ്റേഷൻ സെൻറർ, ഓപ്പൺ എയർ തീയേറ്റർ, സുവനീർ ആൻഡ് സ്പൈസസ് സ്റ്റാൾസ്, നടപ്പാത, ലാൻഡ്സ് കേപ്പിംഗ്, റോസ് ഗാർഡൻ, ശുചിമുറികൾ, ജലധാര, പവലിയനുകൾ, ബയോഗ്യാസ് പ്ലാൻറ്, പ്രവേശന കവാടത്തിന്റെ സൗന്ദര്യവത് കരണം, കുട്ടികളുടെ കളിയുപകരണങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി<br>നിരീക്ഷണ ഗോപുരം, താമരക്കുളം, റഫ് റൈഡിങ്ങ് പാതകൾ, ബാംബു പവലിയൻ, വിശ്രമസ്ഥലം, പാർക്കിംഗ് ഏരിയ എന്നിവ യുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>കാരാപ്പുഴ ടൂറിസം പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിലെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കി 2017 മെയ് 21 ന് ഉദ്ഘാടനം നടത്തി കാരാപ്പുഴ ടൂറിസം കേന്ദ്രം വിനോദ സഞ്ചാരികൾക്കായി തുറന്നു നൽകികഴിഞ്ഞു. |
| സി) | പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുകയുടെ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചുവെന്ന് അറിയിക്കാമോ? | സി) | കാരാപ്പുഴ വിനോദ സഞ്ചാര കേന്ദ്രത്തിൻറെ വികസനത്തിനായി ഒന്ന്, രണ്ട് ഘട്ടങ്ങളിലായി 7.21 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിനായി ഭരണാനുമതി ലഭിച്ച 4 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ